**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 271** **27-06-2022 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിലെ അങ്കണവാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് ജില്ലയിൽ നിലവിൽ എത്ര അങ്കണവാടികളാണ് ഉള്ളത് എന്ന് മുൻസിപ്പാലിറ്റി/ പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കുമോ; | (എ) | (എ) കാസർഗോഡ് ജില്ലയിൽ നിലവിൽ 1348 അങ്കണവാടികളാണ് ഉള്ളത്.<br><br>മുൻസിപ്പാലിറ്റി - 141 അങ്കണവാടികൾ<br><br>പഞ്ചായത്ത് - 1207 അങ്കണവാടികൾ |
| (ബി) | ഇതിൽ സ്വന്തമായി കെട്ടിടം ഇല്ലാത്തതും കാലപ്പഴക്കമുള്ളതും അപകടാവസ്ഥയിലായതുമായ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുമായ അങ്കണവാടികൾ എത്രയെന്ന് മുൻസിപ്പാലിറ്റി/ പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കുമോ; | (ബി) | (ബി) **സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ**<br><br>മുൻസിപ്പാലിറ്റി - 27 അങ്കണവാടികൾ<br><br>പഞ്ചായത്ത് - 91 അങ്കണവാടികൾ<br><br>**കാലപ്പഴക്കമുള്ള അങ്കണവാടികൾ**<br><br>മുൻസിപ്പാലിറ്റി – 0<br><br>പഞ്ചായത്ത് - 1 അങ്കണവാടി (മഞ്ചേശ്വരം പഞ്ചായത്തിലെ സെന്റർ നമ്പർ 9 മച്ചമ്പാടി അങ്കണവാടി) |
| (സി) | ജില്ലയിലെ അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധന എല്ലാ വർഷവും നടത്താറുണ്ടോ എന്ന് വിശദമാക്കുമോ; | (സി) | (സി) അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധന എല്ലാ വർഷവും നടത്താറുണ്ട്. |
| (ഡി) | ജില്ലയിൽ ഫിറ്റ്നസ് ലഭിക്കാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ഡി) | (ഡി) പ്രവർത്തിക്കുന്നുണ്ട്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുവാനുള്ള അങ്കണവാടികൾ - 185. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി അപേക്ഷ നല്കിയിരുന്നെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഫിറ്റ്നസ് ലഭിക്കാനുള്ള കാലതാമസം മൂലമാണ് ഇത്തരത്തിൽ അങ്കണവാടികൾ പ്രവർത്തിക്കേണ്ടി വരുന്നത്. 185 അങ്കണവാടികൾ സിഡിപിഒ, സൂപ്പർവൈസർമാർ പരിശോധിച്ച് നിലവിൽ കെട്ടിടങ്ങൾക്ക് ഭീഷണിയില്ല എന്ന് അറിയിച്ചിട്ടുണ്ട്. അൺഫിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ച മഞ്ചേശ്വരം പഞ്ചായത്തിലെ |

| | | | |
|---|---|---|---|
| | | | സെന്റർ നമ്പർ 9 മച്ചമ്പാടി അങ്കണവാടി തൊട്ടടുത്തുള്ള മദ്രസ്സയിലേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതുവരെ പ്രീ സ്കൂൾ ക്ലാസുകൾ താത്ക്കാലികമായി നടത്തുന്നില്ല. |
| (ഇ) | കാസർകോട് ജില്ലയിൽ പുതിയ അങ്കണവാടികൾ തുടങ്ങുന്നത് പരിഗണനയിൽ ഉണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | (ഇ) | (ഇ) അങ്കണവാടി ഓൺ ഡിമാന്റ് പ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള അങ്കണവാടികൾ ആരംഭിക്കുന്നതിനുള്ള നടപടി സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ